# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 807

25.01.2018 ലെ മറുപടിയ്ക്ക്

## ജപ്തി നടപടി നേരിടുന്നവരെ സഹായിക്കാൻ പദ്ധതി

**ചോദ്യം**
**ശ്രീ.പി.ടി.എ. റഹീം**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വിവിധ ആവശ്യങ്ങൾക്കായി ലോൺ എടുക്കുകയും ആയത് തിരിച്ചടക്കാൻ സാധിക്കാതെ ജപ്തി നടപടികൾ നേരിടുകയും ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കാൻ പ്രത്യേക പദ്ധതി നിലവിലുണ്ടോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 – ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും പിഴ പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതി തള്ളുന്നതിന് 30.03.2015-ലെ സ.ഉ.(പ ി)നമ്പർ 24/2015/പജ പവ വിവ നമ്പർ ഉത്തരവ് പ്രകാരം പ്രത്യേക പദ്ധതി നിലവിലുണ്ട്.<br><br>പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01/04/2006 മുതൽ 31/03/2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്നതുമായ വായ്പകൾ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വായ്പ എഴുതി തള്ളുന്ന പ്രത്യേക പദ്ധതിയും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 - ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും പിഴ പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതി തള്ളുന്നതിന് 30.03.2015-ലെ സ.ഉ.(പി)നമ്പർ 24/2015/പജ പവ വിവ നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. വരുമാന പരിധി 1.5 ലക്ഷം രൂപ വരെയുള്ള വ്യക്തികളുടെ വായ്പാ കുടിശ്ശികയാണ് എഴുതി തള്ളുന്നത്. ഒരു വ്യക്തിയുടെ ഒരു വായ്പാ കുടിശ്ശിക മാത്രമേ പദ്ധതി പ്രകാരം എഴുതി തള്ളുകയുള്ളൂ. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശിക തുക വ്യക്തി നേരിട്ട് അടയ്ക്കേണ്ടതാണ്, വരുമാനം, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട വായ്പാ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണ്.<br><br>സ.ഉ.(അ)ന. 71/2015/പജ./പവ.വിവ. തീയതി 01/10/2015 പ്രകാരം പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01/04/2006 മുതൽ 31/03/2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും, പലിശയും, പിഴപലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിപ്രകാരമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. അപേക്ഷകൻ/അപേക്ഷക പട്ടികവർഗ്ഗത്തിൽപ്പെട്ട ആളായിരിക്കണം.<br>2. ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | 3. മുതൽ, പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിവ ഉൾപ്പെടെ നിശ്ചിത തീയതിയിൽ ഒരു ലക്ഷം രൂപയുടെ ഉള്ളിൽ വരുന്ന വായ്പകൾ മാത്രം.<br>4. കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയംതൊഴിൽ വായ്പ (വ്യക്തിഗത വായ്പകൾ) വിവാഹ ആവശ്യത്തിനുള്ള വായ്പ, സ്വർണ്ണപണയത്തിന്മേലുള്ള കാർഷിക വായ്പ എന്നിവയിലുള്ള കടിശ്ശികകൾ പരിഗണിക്കും (മുൻഗണനാ ക്രമത്തിൽ)<br>5. സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാത്കൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>6. 01.04.2006 മുതൽ 31.03.2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന വായ്പകൾ.<br>7. കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ ബോർഡ്/കോർപ്പറേഷനുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കിംഗ് മേഖല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവരുടെ വായ്പ പരിഗണിക്കുകയില്ല.<br>8. അപേക്ഷകന്റെ കുടുംബത്തിൽ ആരെങ്കിലും ക്രമനമ്പർ 7 |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള സേവനം അനുഷ്ഠിക്കുന്നുണ്ടെങ്കിൽ ടി അപേക്ഷകൾ പരിഗണിക്കുന്നതല്ല.<br>9. ഈ പദ്ധതിയിൽ പരിഗണിക്കുന്നതിനായി വായ്പയുമായി ബന്ധപ്പെട്ട ബാങ്കിംഗ് രേഖ, റേഷൻകാർഡിന്റെ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.<br>10. അപേക്ഷകളിൽ ബന്ധപ്പെട്ട ടി.ഇ.ഒയുടെ അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തണം.<br>11. ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളിൽ ഒരു കുടുംബത്തിൽ ഒരു അപേക്ഷകന്റെ ഒരു വായ്പ മാത്രമേ ഒരു സാമ്പത്തികവർഷത്തിൽ പരിഗണിക്കുകയുള്ളു.<br>12. വായ്പാ തുക, മുതൽ, പലിശ, പിഴപ്പലിശ എന്നിവയുൾപ്പെടെ ഒരു ലക്ഷത്തിൽ അധികരിച്ച വരികയാണെങ്കിൽ അപേക്ഷകൻ അധികരിച്ച വരുന്ന തുക ആദ്യം ബന്ധപ്പെട്ട സ്ഥാപനത്തിൽ അടച്ച തീർത്ത് തെളിവ് ഹാജരാക്കുന്ന പക്ഷം അവശേഷിക്കുന്ന ഒരു ലക്ഷം രൂപയ്ക്ക് ഈ പദ്ധതി പ്രകാരം ഇളവ് ലഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**